**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 56** **10-02-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി നിരക്ക് വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീമതി കെ. കെ. രമ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഈ സർക്കാരിന്റെ കാലത്ത് ഏതൊക്കെ വർഷങ്ങളിലാണ് വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 05.12.2024-ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക് **2024-25, 2025-26** എന്നീ വർഷങ്ങളിലേക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള സർക്കാരിന്റെ കാലത്ത് 2022, 2023, 2024 എന്നീ വർഷങ്ങളിൽ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വൈദ്യുതി ബോർഡ് കുറഞ്ഞ നിരക്കിൽ ഏർപ്പെട്ടിരുന്ന ദീർഘകാല കരാറുകൾ റദ്ദാക്കി ഉയർന്ന നിരക്കിൽ ഹ്രസ്വകാല കരാറുകളിൽ ഏർപ്പെട്ടതും കരാർ കാലാവധി കഴിഞ്ഞിട്ടും സ്വകാര്യ കമ്പനികളിൽ നിന്നും വൈദ്യുത പദ്ധതികൾ ഏറ്റെടുക്കാത്തതും അടക്കമുള്ള വീഴ്ചകളാണ് വൈദ്യുതി ചാർജ്ജ് വർദ്ധനവിലേക്ക് നയിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. എന്നാൽ, ദീർഘകാല കരാർ റദ്ദാക്കൽ, സ്വകാര്യ കമ്പനികളിൽ നിന്നും വൈദ്യുത പദ്ധതികൾ ഏറ്റെടുക്കാത്തത് എന്നീകാര്യങ്ങൾ ഒന്നും നിലവിലുള്ള വൈദ്യുതി നിരക്ക് വർദ്ധനവുമായി ബന്ധമില്ല.<br><br>കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ **25.06.2022**-ൽ പുറപ്പെടുവിച്ച **ARR & ERC (Aggregate Revenue Requirement & Expected Revenue from Charges)** ഉത്തരവിന്റെ അടിസ്ഥാനത്തിൽ **5** വർഷത്തേക്ക് **(2022-23** മുതൽ **2026-27** വരെ**)** നിർണയിക്കപ്പെട്ടിട്ടുള്ള റവന്യൂ ഗ്യാപ്പിന്റെ അടിസ്ഥാനത്തിലാണ് **2026-27** വരെയുള്ള താരിഫ്, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ളത്. |
| (സി) | വിലക്കയറ്റവും നികുതി വർദ്ധനവും മൂലം വീർപ്പുമുട്ടുന്ന ജനങ്ങളെ വൈദ്യുതി നിരക്ക് വർദ്ധനവ് എപ്രകാരമാണ് ബാധിക്കുന്നതെന്ന് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | 01.11.2023 മുതൽ 30.11.2024 വരെയുള്ള കാലയളവിൽ നാണയപെരുപ്പം 5.41% ആണെന്നിരിക്കെ, വൈദ്യുതി ചാർജ്ജിൽ 2024-25 -ൽ 2.39% വർദ്ധനവും, 2025-26-ൽ 1.75% വർദ്ധനവുമാണ് കേരള സംസ്ഥാന വൈദ്യുതി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഏർപ്പെടുത്തിയിട്ടുള്ളത്. 2026-27-ലാകട്ടെ വർദ്ധനവ് ഒന്നും തന്നെ വരുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| | | | ഗാർഹിക ഉപഭോക്താക്കൾക്കും വ്യാവസായിക ഉപഭോക്താക്കൾക്കും നാമമാത്രമായ വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. ആകെയുള്ള ഗാർഹിക ഉപഭോക്താക്കളിൽ 25% പേരും പ്രതിമാസം 50 യൂണിറ്റിന് താഴെ ഉപഭോഗം ഉള്ളവരാണ് (ഏകദേശം 26 ലക്ഷം). ഇവരുടെ വൈദ്യുതി ചാർജ്ജിലുള്ള പ്രതിമാസ വർദ്ധനവ് കേവലം 7 രൂപ മാത്രമാണ്. അതായത് പ്രതിദിന വർദ്ധനവ് 25 പൈസയിൽ താഴെ മാത്രമാണ്. അതുപോലെ തന്നെ പ്രതിമാസ ഉപഭോഗം 250 യൂണിറ്റിൽ കൂടുതലുള്ള ഗാർഹിക ഉപഭോക്താക്കൾക്കും, 20 കിലോ വാട്ടിനു മുകളിൽ കണക്ടഡ് ലോഡുള്ള വ്യാവസായിക ഉപഭോക്താക്കൾക്കും പകൽസമയത്തെ വൈദ്യുതി ചാർജ്ജിൽ 10% കുറവ് വരുത്തിയിട്ടുണ്ട്. കൂടാതെ അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, അംഗനവാടികൾ എന്നിവയുടെ നിരക്കിൽ വർദ്ധനവ് ഒന്നും തന്നെ വരുത്തിയിട്ടില്ല. മുകളിൽ സൂചിപ്പിച്ച നാമമാത്രമായ വർദ്ധനവിന്റെ അധിക ഭാരം ലഘൂകരിക്കുന്നതിന്റെ ഭാഗമായി ഗാർഹിക - കാർഷിക ഉപഭോക്താക്കൾക്ക് സർക്കാർ നൽകി വരുന്ന സബ്സിഡി ആനുകൂല്യങ്ങൾ അതേപടി തുടർന്നു വരുന്നുണ്ട്. നിലവിലുള്ള സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് വലിയ ബുദ്ധിമുട്ട് ഉണ്ടാക്കാത്തതും എന്നാൽ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ സുസ്ഥിരമായ നിലനിൽപ്പിന് ആവശ്യമായ താരിഫ് പരിഷ്കരണം മാത്രമാണ് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചു നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ